**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 462** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഭാരത് ജോഡോ യാത്രയുടെ ഭാഗമായിട്ടുള്ള സുരക്ഷാ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എ. രാജ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഭാരത് ജോഡോ യാത്രയുടെ ഭാഗമായി 18 ദിവസം സംസ്ഥാനത്ത് പര്യടനം നടത്തിയ രാഹൽ ഗാന്ധി എം.പി. യ്ക്ക് ഏത് പ്രോട്ടോകോൾ വ്യവസ്ഥ പ്രകാരമുള്ള പോലീസ് സുരക്ഷാ സംവിധാനമാണ് ഒരുക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ മാനദണ്ഡ പ്രകാരം CRPF ഉൾപ്പെടെയുള്ള ഇസഡ് പ്ലസ് (z plus) കാറ്റഗറി സുരക്ഷയാണ് ഒരുക്കിയിരുന്നത്. |
| (ബി) | പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് ഓരോ ദിവസവും നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ റാങ്ക് തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ; ഇത് മൂലം സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | വിശിഷ്ടരും സംരക്ഷിതരുമായ വ്യക്തികൾക്ക് പോലീസ് സുരക്ഷ ഒരുക്കുന്ന അവസരത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾക്ക് പുറമെ സന്ദർശന സ്ഥലങ്ങളിൽ നിലനിൽക്കുന്ന സുരക്ഷാ ഭീഷണികൾ കൂടി പരിഗണിച്ചുകൊണ്ടാണ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി വരുന്നത്. ഇപ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ പരസ്യമാക്കുന്നത് സംരക്ഷിത വ്യക്തികളുടെ സുരക്ഷയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. കൂടാതെ വി.വി.ഐ.പി.കളുടെ സുരക്ഷാപരമായ കാര്യങ്ങൾ പോലീസിന്റെ ക്രമസമാധാനപാലന ചുമതലയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇതിനായി ചെലവഴിക്കുന്ന തുക പ്രത്യേകമായി കണക്കാക്കി സൂക്ഷിക്കാറില്ല. |
| (സി) | പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എവിടെയെങ്കിലും സുരക്ഷാപ്രശ്നങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത യാത്രയ്ക്ക് കേരള പോലീസ് ഒരുക്കിയ സുരക്ഷാക്രമീകരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പ്രസ്തുത യാത്രയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സുരക്ഷാ പ്രശ്നങ്ങൾ ഉണ്ടായതായോ സുരക്ഷാക്രമീകരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടായിട്ടുള്ളതായോ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (ഡി) | ഓരോ അധികാര സ്ഥാനത്തിരിക്കുന്നവരുടെയും സുരക്ഷ സംബന്ധിച്ച വർഗീകരണം നടത്തുന്നതിനും | (ഡി) | കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിശിഷ്ട വ്യക്തികളുടേയും മറ്റ് സാധാരണ വ്യക്തികളുടേയും |

| | | | |
|---|---|---|---|
| | അതിനുവേണ്ട ക്രമീകരണം ഏർപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡം വ്യക്തമാക്കാമോ? | | സുരക്ഷ അവലോകനം നടത്തി അവർക്ക് ആവശ്യമുള്ള സുരക്ഷ നല്കണമെന്ന് നിഷ്കർഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 07.05.2018 തീയതിയിലെ സ.ഉ.(സാധാ.) നം. 1321/18/ ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള സെക്യൂരിറ്റി റിവ്യൂ കമ്മിറ്റി ആണ് സംസ്ഥാനത്ത് സുരക്ഷാ ഭീഷണി നേരിടുന്ന വ്യക്തികൾക്ക് ഏതു കാറ്റഗറിയിലുള്ള സുരക്ഷയാണ് നൽകേണ്ടത് എന്ന് തീരുമാനിക്കുന്നത്. പ്രസ്തുത കമ്മിറ്റി ആറ് മാസത്തിലൊരിക്കൽ അവലോകന യോഗം കൂടി സുരക്ഷ വിലയിരുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ